LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം

265(1250) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

266(1251) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

11 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ?

26-2-2021-ലെ ജോയിന്റ് ആർ.ടി.ഒ. പ്രൊമോഷൻ വഴി 1 ഒഴിവും 21-4-2021-ലെ ജോയിന്റ് ആർ.ടി.ഒ. പ്രൊമോഷൻ വഴി 3 ഒഴിവുകളും 31-5-2021-ൽ 7 എം.വി.ഐ.-മാർ വിരമിച്ചത് വഴി 7 ഒഴിവുകളും.

(സി) വകുപ്പിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

267(1252) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

7 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഒഴിവ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും തസ്തികമാറ്റം മുഖേന നിയമനം നടത്തുവാനായി നീക്കി വച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഈ തസ്തികയുടെ യോഗ്യതയിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(സി) കേരളാ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല. തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O. 1215(E) dated 8-3-2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ല എന്ന ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോ എന്നും ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷവശങ്ങളും ആലോചിക്കേണ്ടതും ജനങ്ങളുടെ സുരക്ഷയും മുന്നിൽക്കണ്ട് മാത്രമേ തുടർ നടപടികളുമായി മുന്നോട് പോകാൻ കഴിയൂ.

നാദാപുരം സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്

268(1253) ശ്രീ. ഇ. കെ വിജയൻ :താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൻ കീഴിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന മലയോര മേഖലയായ നാദാപുരം കേന്ദ്രീകരിച്ച് സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ നാദാപുരത്തിന്റെ സാദ്ധ്യത കൂടി പരിശോധിക്കുന്നതാണ്.